**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2091** **11.02.2020-ൽ മറുപടിക്ക്**

**കൊറോണ വൈറസ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | കൊറോണ വൈറസ് പരിശോധനയ്ക്ക് കേരളത്തിൽ എന്തൊക്കെ സൗകര്യങ്ങളാണുള്ളതെന്ന് അറിയിക്കാമോ; | എ) | ആലപ്പുഴ ജില്ലയിലെ NIV യൂണിറ്റിൽ കൊറോണ വൈറസ് രോഗം സ്ഥിരീകരിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| ബി) | കൊറോണ വൈറസ് സംബന്ധിച്ച ആശങ്ക പരിഹരിക്കുന്നതിന് ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; | ബി)യും സി)യും | കൊറോണ വൈറസ് ബാധയെപ്പറ്റി ഭീതി വേണ്ട, ജാഗ്രതയും, മുൻകരുതലുമാണ് വേണ്ടത് എന്ന സന്ദേശം നവമാധ്യമങ്ങൾ വഴിയും, വിവിധ പത്ര-ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയം ദൂരീകരിക്കുന്നതിനായി "ദിശ" ഉൾപ്പെടെ സംസ്ഥാന - ജില്ലാതലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററുകൾ സജ്ജീകരിച്ചു.<br>രോഗലക്ഷണങ്ങൾ ഉള്ളവരും ഇല്ലാത്തവരും പാലിക്കേണ്ട ശുചിത്വം, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ വെബ് സൈറ്റിലൂടെയും പ്രാഥമികാരോഗ്യ-കേന്ദ്രങ്ങൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയും ആവശ്യമായ ബോധവത്കരണ സന്ദേശങ്ങൾ നൽകി വരുന്നു. തെറ്റിദ്ധാരണാജനകമായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും യഥാർത്ഥ വസ്തുതകൾ ജനങ്ങളിലെത്തിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു.<br>നിപ ബാധ നിയന്ത്രണ വിധേയമാക്കിയ അനുഭവത്തിന്റെ വെളിച്ചത്തിൽ കൊറോണ ബാധക്കെതിരായുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായും കാര്യക്ഷമമായും നടപ്പിലാക്കിവരുന്നു. |
| സി) | നിപ പ്രതിരോധത്തിൽ കേരളം ലോകത്തിനു തന്നെ മാതൃകയായി സ്വീകരിച്ച സമീപനം കൊറോണയിലും സ്വീകരിക്കാൻ പൊതുജനത്തെ സജ്ജരാക്കാൻ പര്യാപ്തമായ എന്തൊക്കെ നടപടികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**